**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വെബ്സൈറ്റ് പരിഷ്കരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായണ്‍</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാന വെബ്സൈറ്റിൽ, സംസ്ഥാനത്തിലെ എല്ലാ വിഭാഗത്തിലെയും പ്രധാന ദേവാലയങ്ങൾ, ക്ഷേത്രങ്ങൾ മുതലായവ സംബന്ധിച്ച സമഗ്രവിവരങ്ങൾ പിൽഗ്രിം ടൂറിസത്തിന്, പ്രത്യേകിച്ച് സംസ്ഥാനത്തിനു പുറത്തുനിന്നുള്ളവർക്ക്, ഉപയുക്തമാകുന്ന തരത്തിൽ സംസ്ഥാന വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?</td><td>(എ)</td><td>സംസ്ഥാന സർക്കാർ വെബ്സൈറ്റിൽ സർക്കാരിന്റെ പൊതുവായ പ്രവർത്തനങ്ങൾ, വകുപ്പുകൾ, സർക്കാർ ഉത്തരവുകൾ, സംസ്ഥാനത്തിന്റെ പൊതുചിത്രം തുടങ്ങിയവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>പിൽഗ്രിം ടൂറിസത്തിന് ഉപയോഗപ്രദമായ രീതിയിൽ വിവിധ മത വിഭാഗങ്ങളുടെ പ്രധാന തീർത്ഥാടനകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കേരള ടൂറിസം വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ശബരിമലയ്ക്കായി പ്രത്യേക വെബ്സൈറ്റ് നിലവിലുണ്ട്. ഇതിനുപുറമേ, അതത് ദേവസ്വം വെബ്സൈറ്റുകളിൽ അനുബന്ധ ക്ഷേത്രങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ